# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.487 03.03.2020- ൽ മറുപടിക്ക്

**ചെറുകിട വ്യവസായ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | എ) | വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായിട്ടുള്ള വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ അതിവേഗം ലഭിക്കുന്നതിലേക്കായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തിരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി (K-SWIFT) എന്ന ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>2019 -ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതി യാകുന്നതാണ്.<br><br>സംസ്ഥാനത്ത് പരമാവധി സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ച് പരമാവധി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ച് വരുന്നത്. ഇതിലേക്കായി സംസ്ഥാന സർക്കാർ ചുവടെ വിവരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. |

| | | | |
|---|---|---|---|
| | | | • സംരംഭകത്വ സഹായപദ്ധതി<br>• നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി<br>• തകർച്ച നേരിടുന്ന എം.എസ്.എം.ഇ കളുടെ പുനരുദ്ധാരണ പദ്ധതി<br>• കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി<br>2020-21 -ലെ ബഡ്ജറ്റിൽ ചുവടെ വിവരിക്കുന്ന പദ്ധതികൾ കൂടി പ്രഖ്യാപിച്ചിട്ടുണ്ട്.<br>• ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്.<br>• എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുനരുജ്ജീവനവും പുനരധിവാസവും. |
| ബി) | പാലക്കാട് ജില്ലയിൽ കുടുംബശ്രീയുമായി സഹകരിച്ച് ഏതെങ്കിലും തരത്തിലുള്ള ചെറുകിട വ്യവസായ പദ്ധതികൾ ആവിഷ്കരിക്കാൻ പദ്ധതിയുണ്ടോ, ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | ബി) | പാലക്കാട് ജില്ലയിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട് നിലവിൽ പദ്ധതികൾ ഒന്നും വ്യവസായ വകുപ്പിന് കീഴിൽ ഇല്ല. |

സെക്ഷൻ ഓഫീസർ